**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4939** **14.11.2019-ലെ മറുപടിക്ക്**

**'ആറന്മുള വിമാനത്താവള പദ്ധതിക്കായി സ്വകാര്യ വ്യക്തി വാങ്ങിയ ഭൂമി'**

**ചോദ്യം** **മറുപടി**

**ശ്രീ. എൽദോസ് പി.കുന്നപ്പിള്ളി** **ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ആറന്മുള വിമാനത്താവള പദ്ധതിക്കായി സ്വകാര്യ വ്യക്തി വാങ്ങിയ 293 ഏക്കർ ഭൂമി മിച്ചഭൂമിയാണെന്ന് കാണിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (എ) | ശ്രീ.കെ.ജെ.എബ്രഹാം S/o.ജോസഫ്, കലമണ്ണിൽ വീട്, കോഴഞ്ചേരി, [ചെയർമാൻ, ചാരിറ്റബിൾ എഡ്യൂക്കേഷൻ ആന്റ് വെൽഫയർ സൊസൈറ്റി (രജി.നമ്പർ 373/83) കോഴഞ്ചേരി & ചെയർമാൻ, ചാരിറ്റബിൾ എഡ്യൂക്കേഷണൽ സൊസൈറ്റി നമ്പർ പി.72/04], എന്നയാളുടെ കൈവശമുണ്ടായിരുന്ന 118.74.65 ഹെക്ടർ ഭൂമി, (293.42 ഏക്കർ) 1963-ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 85 പ്രകാരം മിച്ചഭൂമിയായി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് 12/07/2017-ൽ എസ്.എം.1/12/Kzhy നമ്പർ പ്രകാരം കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ടോ; | (ബി) | ശ്രീ.കെ.ജെ.എബ്രഹാം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 474/2017 (ഐ.എ.2111/2017 നമ്പർ സിവിൽ റിവിഷൻ പെറ്റീഷനിൽ 14/08/2017-ൽ പുറപ്പെടുവിച്ച ഉത്തരവിൽ. "There shall be an interim order that the parties shall maintain 'Status Quo' as it existed on today until further orders, in respect of the property involved in the dispute. Call records post after receipt of records" എന്ന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേസ് റിക്കാർഡുകൾ ബഹു. കേരള ഹൈക്കോടതിയിൽ 31/08/2017-ൽ നേരിട്ട് സമർപ്പിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവച്ചിട്ടുള്ളതുമാണെന്ന് കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സ്റ്റേ ഉത്തരവിനെതിരെ കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) | സ്റ്റേ നീക്കം ചെയ്യുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതുണ്ടോയെന്നും കേസിന്റെ നിലവിലെ അവസ്ഥയും ആരാഞ്ഞുകൊണ്ടു കോഴഞ്ചേരി താലൂക്ക് ലാൻഡ് ബോർഡ് 08/03/2019-ന് അഡ്വക്കേറ്റ് ജനറലിനു കത്തയച്ചിരുന്നു. ബഹു. കേരള ഹൈക്കോടതി ആവശ്യപ്പെട്ടപ്രകാരം കേസ് റിക്കാർഡുകളും താലൂക്ക് ലാൻഡ് ബോർഡ് നേരിട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |
| (ഡി) | ഈ കേസിൽ ഹൈക്കോടതിയെ സമീപിക്കുവാനുള്ള കാലാവധി അവസാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | 14/08/2017-ലെ ഐ.എ.2111/2017 ൽ സി.ആർ.പി. (എൽ.ആർ) 474/2017 നമ്പർ ഉത്തരവിൽ സമയപരിധി നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ